# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 28** **January 2015** **No.10**

# എഡിറ്റോറിയൽ

പുതുവർഷം ആരംഭിക്കുന്നത് ദുരന്തങ്ങളോടെയാണ് എന്നത് അനേകരെ ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. അവിചാരിതമായ അപകടങ്ങൾ മനുഷ്യജീവിതത്തിൽ അടിക്കടി സംഭവിക്കുമ്പോൾ നമ്മുടെ ഉൾക്കണ്ണ് പ്രകാശിപ്പിക്കേണ്ടതാണ്. പ്രകൃതിയേയും മനുഷ്യരേയും ജീവനുള്ളതിനേയും അല്ലാത്തതിനേയും എല്ലാത്തിനേയും നിയന്ത്രിക്കുന്നത് ദൈവമാണ്. അവനാണ് സകലതും സൃഷ്ടിച്ചത്. എന്നാൽ മനുഷ്യരെ ദൈവം നിർമ്മിച്ചത് ദൈവത്തിന്റെ സ്വന്ത സാദൃശത്തിലാണ്. ഉദ്ദേശം ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന് അനേകം പുത്രന്മാർ ആവശ്യമാണ് അവരെ തേജസിലേക്ക് നടത്തുക എന്നതും ദൈവ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന കാര്യമാണ്. മനുഷ്യരുടെ ഉപയോഗത്തിനു വേണ്ടിയാണ് എല്ലാം അവൻ നൽകിയിരിക്കുന്നത്. ശരിയായി ഉപയോഗിച്ചാൽ എല്ലാം നല്ലതു തന്നെയാണ്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ ജനങ്ങൾ തങ്ങളുടെ അജ്ഞതയാൽ കാര്യങ്ങൾ വിവേചിക്കുന്നില്ല. ദൈവകൽപനകളെ മനസിലാക്കുന്നില്ല.

സത്യവും അസത്യവും ലോകത്തിൽ കൂടിക്കുഴഞ്ഞു കിടക്കുകയാണ്. അതിന്റെ കാരണം ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന സാത്താനാണ്. അതേസമയം സത്യം തിരഞ്ഞെടുക്കുവാൻ നാം തയ്യാറാവണം. അതിനു മാത്രമെ നമ്മെ സ്വതന്ത്രമാക്കുവാൻ കഴിയു. ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചു ജനത്തോട് സത്യം വെളിപ്പെടുത്തി പറഞ്ഞു, "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" അവൻ മുഖാന്തരം അല്ലാതെ ആർക്കും പിതാവായ ദൈവത്തിന്റെ അടുക്കൽ

പ്രവേശിക്കുവാൻ സാധ്യമല്ല. കാരണം ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഉള്ള ഏക മദ്ധ്യസ്ഥൻ അവൻ മാത്രമാണ്. അവന്റെ ഉപദേശങ്ങളാണ് മനുഷ്യർ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത്. സർവ്വ മനുഷ്യർക്കും വേണ്ടി പ്രായശ്ചിത്തമായത് കർത്താവാണ്. പാപികളെ സ്നേഹിച്ച കർത്താവ് പാപമോചനം സാധ്യമാക്കി. ഭൂമിയിലുള്ള മനുഷ്യരുടെ പാപങ്ങൾ മോചിച്ചുകൊടുപ്പാൻ മനുഷ്യപുത്രനു മാത്രമെ അധികാരമുള്ളു എന്ന് അവൻ അത്ഭുതങ്ങളാലും അടയാളങ്ങളാലും തെളിയിച്ചുകൊടുത്തു. പാപം ചെയ്യുന്നവർ മരിക്കണം എന്നതാണ് ദൈവ നിശ്ചയം.

മനുഷ്യരുടെ എല്ലാവരുടേയും പാപങ്ങൾ വഹിച്ചുകൊണ്ടാണ് യേശു ക്രൂശിൽ മരിച്ചത്. ദൈവത്തിന്റെ വാഗ്ദാനപ്രകാരം അവന്റെ പദ്ധതി ആവിഷ്ക്കരിച്ചത് ക്രിസ്തുവിൽ ആയിരുന്നു. പാപത്തിൽ ജീവിക്കുന്ന മനുഷ്യനെ രക്ഷിച്ച് പുതിയ സൃഷ്ടികളാക്കുകയാണ് ദൈവത്തിന്റെ ലക്ഷ്യം. പുതുമ ആഗ്രഹിക്കാത്ത മനുഷ്യരില്ല എന്നു പറയാം. ബാഹ്യമായ പുതുമയല്ല ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ആന്തരികമായ പുതുമയാണ്. നമ്മുടെ ഉള്ളിലുള്ള മനുഷ്യൻ നാൾതോറും പുതുക്കം പ്രാപിക്കണം. ഓരോ പുതിയ വർഷത്തിന്റെയും ആരംഭത്തിൽ ആളുകൾ പുതിയ തീരുമാനങ്ങൾ എടുക്കും. പഴയതിൽനിന്ന് വ്യത്യസ്തമായി ജീവിക്കുവാനുള്ള ആഗ്രഹം നിമിത്തമാണ് അവർ അങ്ങനെ ചെയ്യുന്നത്. പക്ഷെ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ കഴിയണം. അതല്ലെങ്കിൽ തീരുമാനിച്ചതുകൊണ്ട് ഫലമില്ല. മാറ്റം വരുത്തുവാൻ പലതും കാണാം. അത് തിരിച്ചറിഞ്ഞ് മാറുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്.

അതിന് ആദ്യമായി നമ്മുടെ വിശ്വാസം പരിശോധിക്കുകയും ശരിയായ ദൈവത്തിലും അവന്റെ കൽപനകളിലും അവൻ അയച്ച പുത്രനിലും വിശ്വസിക്കണം. പിന്നെ പാപചിന്തകളും പാപവഴികളും ഉപേക്ഷിക്കണം. അതായത് മാനസാന്തരപ്പെടണം. യേശുക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിച്ച് ഏറ്റു പറയണം. അതിനുശേഷം പാപമോചനത്തിനായി തിരുവെഴുത്തിൻപ്രകാരം സ്നാനം ഏൽക്കണം. അപ്പോഴാണ് കർത്താവ് രക്ഷിക്കുന്നതും സഭയോട് ചേർക്കുന്നതും. അവർ പിന്നീട് വിശ്വസ്തമായി വചനപ്രകാരം ദൈവത്തെ ആരാധിച്ച് അവനെ സേവിച്ച് അന്ത്യത്തോളം ജീവിച്ചാലാണ് നിത്യജീവൻ ലഭിക്കുന്നത്. ഒരിക്കൽ പാപം മോചിക്കപ്പെട്ടിട്ട് പിന്നീട് പിന്മാറിപോയാൽ രക്ഷ നഷ്ടപ്പെടുമെന്ന കാര്യം മറക്കരുത്. ഓരോരുത്തരും രക്ഷ സൂക്ഷിക്കണം.

# ഉപദ്രവം

## *J.C.* ചോട്ട്

ഇതിൽ നാം ചിന്തിക്കുന്നത് ഉപദ്രവത്തെ കുറിച്ചാണ്. പല രീതിയിലുള്ള ഉപദ്രവങ്ങൾ നമുക്ക് ലോകത്തിൽ കാണാം. എന്നാൽ മുഖ്യമായും ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെടുന്നതിന്റെ കാരണവും ഫലങ്ങളും നമുക്ക് പരിശോധിക്കാം. ഒരാളെ ഏതെങ്കിലും വിധത്തിൽ ഞെരുക്കുകയോ അടിച്ചമർത്തുകയോ, പ്രതികാരം വീട്ടുകയോ ചെയ്യുന്നത് ഉപദ്രവമായി കണക്കാക്കാം. അവിചാരിതമായോ അറിയാതെയോ സംഭവിക്കുന്നതിനെയല്ല നമുക്ക് നോക്കുവാനുള്ളത്. മറിച്ച് കരുതിക്കൂട്ടി ചെയ്യുന്നവയെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സ്വതന്ത്രമായി മതപരമായ പരിശീലനം നടത്തുവാൻ തടസപ്പെടുന്നതും ഉപദ്രവമാണ്. ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ വിലക്കുന്ന പ്രവൃത്തി ഉപദ്രവമാണ്. തന്റേതല്ലാത്ത കാരണത്താൽ ഒരാളെ ശിക്ഷിക്കുന്നതും അതു തന്നെയാണ്.

പരിഷ്കൃതവും ആധുനികവുമായ ലോകത്ത് ഇത്തരത്തിൽ ആളുകളെ ഉപദ്രവിക്കുന്നത് വളരെ മോശമാണ്. പക്ഷെ ലോകത്തിൽ പല ഭാഗത്തും അത് നടക്കുന്നു എന്നത് പരമാർത്ഥമാണ്. ചില രാജ്യങ്ങളിൽ ക്രിസ്ത്യാനിയാകുന്നവരെ തിരഞ്ഞു പിടിച്ചു കൊല്ലുന്ന ക്രൂരമായ സംഭവം മുൻപ് നടന്നിരുന്നതായി ബൈബിൾ വ്യക്തമാക്കുന്നു. ഈ രാജ്യങ്ങളിൽ ചിലത് തങ്ങളുടേതല്ലാത്ത ആരാധന വിലക്കുകയും സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്നു. മറ്റു പല രാജ്യങ്ങളിലും കുറെയൊക്കെ സ്വാതന്ത്ര്യം അനുവദിക്കുകയും ഉപദ്രവം രഹസ്യമായി തുടരുകയും ചെയ്യുന്നു. ഏത് വിധത്തിലുള്ള ഉപദ്രവമായാലും അത് നിഷേധവും വേദനാജനകവുമാണ്.

മതപരമായ ആചാരാനുഷ്ഠാനങ്ങളെ വെറുക്കുന്നവർ കണ്ടേക്കാം, എന്നാൽ മതപരമായ വിശ്വാസത്തിന്റെ പേരിൽ അവരെ ദണ്ഡിപ്പിക്കുന്നത് ശരിയല്ല, കൂടാതെ ആരാധനയ്ക്ക് അവകാശവും, തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും ഉണ്ട്. ലോകത്തിൽ മറ്റുള്ളവർക്ക് ഉള്ളതായ അതേ നേട്ടങ്ങൾ ശേഷം ആളുകൾക്കും ഉണ്ട് എന്നകാര്യം അവർ മറന്നു പോകുന്നു. അത്തരം ചിന്ത അന്യോന്യം ബഹുമാനിക്കുവാനും മനുഷ്യവർഗ്ഗത്തെ മുഴുവനും സ്നേഹിക്കു

വാനും കരുതുവാനും ഉതകുന്നതാണ്. സമൂഹം നേരിടുന്ന വെല്ലുവിളികൾ വർഗ്ഗീയമായോ മതപരമായോ തരം താഴ്ത്തി ഇല്ലാതാക്കുവാൻ ശ്രമിക്കരുത്. മനുഷ്യത്വമില്ലാത്ത പ്രതികാരമോ സമ്മർദ്ദമോ ചെലുത്തി ആളുകളെ തടഞ്ഞുനിർത്തുന്ന മനോഭാവം ആർക്കും മനസിലാക്കുവാൻ കഴിയാത്തതാണ്. മറ്റുള്ളവരെ ദ്രോഹിക്കുന്നത് ഏതു കാരണത്താലും ന്യായീകരിക്കാവുന്നതല്ല.

പല രീതിയിലും ഭാവത്തിലുമുള്ള സമ്മർദ്ദങ്ങളും ഉപദ്രവങ്ങളും സമൂഹത്തിൽ ഉണ്ട്. ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കൽ തുടങ്ങി ശാരീരികമായ പീഢനം അടക്കം പല വിധത്തിൽ ആളുകളെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യും. ചിലരെ വീട്ടിൽനിന്ന് ഇറക്കി വിടുകയും, മറ്റു ചിലർക്ക് ഓഹരി നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ചില വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം വിലക്കുകയും ജോലി ചെയ്യുന്നവരുടെ ജോലി നിഷേധിക്കുകയും ചെയ്ത സംഭവങ്ങൾ നടന്നിട്ടുണ്ട്. മറ്റു മത വിശ്വാസം സ്വീകരിക്കുന്നതിനോട് ഇത്തരത്തിൽ അസഹിഷ്ണുത കാണിക്കുന്നത് ഏതു മതക്കാരായാലും അത് ആർക്കും ഗുണം ചെയ്യുകയില്ല എന്നു മാത്രമല്ല, ദോഷമെ ചെയ്യു എന്നു തിരിച്ചറിയണം. ക്രിസ്ത്യാനിത്വം എല്ലാവരേയും സ്നേഹിക്കുവാനാണ് പഠിപ്പിക്കുന്നത്. ആരെയും വെറുക്കുവാനോ ഉപദ്രവിക്കുവാനോ, ആരെയെങ്കിലും സമ്മർദ്ദം ചെലുത്തുവാനോ പരിശ്രമിക്കുകയില്ല. എല്ലാവരെയും തുല്യ പ്രാധാന്യത്തോടെ കാണുവാനാണ് ക്രിസ്തു പഠിപ്പിച്ചത്.

ക്രിസ്തുവിന്റെ നാമത്തിൽ അനവധി വിഭാഗങ്ങൾ പഠിപ്പിക്കുകയും അവരുടെ ഉപദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ അവയെല്ലാം ബൈബിളിന്ന് അന്യമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരുമായും സമാധാനത്തിലും യോജിപ്പിലും ആണ് കഴിയേണ്ടത്. അതിനു വിപരീതമായി സംഭവിക്കുന്നുവെങ്കിൽ അത് തെറ്റാണ് എന്നു പറയുവാൻ ഞങ്ങൾക്ക് ഒരു മടിയുമില്ല. കാരണം ശത്രുക്കളെ പോലും പകെക്കാതെ സ്നേഹിക്കുവാനും അവർക്ക് വിശക്കുന്നു എങ്കിൽ ആഹാരം കൊടുക്കുവാനുമാണ് കർത്താവ് പഠിപ്പിച്ചത്. വിയോജിപ്പ് പ്രകടിപ്പിക്കുന്നവരെ ഉപദ്രവിക്കുവാൻ ആർക്കും അവകാശമില്ല. ശരിയായ പരിശോധന നടത്തിയാൽ, രാഷ്ട്രീയമാണ് ഇത്തരം ഖേദക

രമായ സംഭവങ്ങൾക്ക് കാരണം എന്നു കാണാം. എന്തു തന്നെയാ യാലും, തെറ്റുകളെ ഒരിക്കലും ബൈബിൾ ഖണ്ഡിക്കാതിരിക്കു ന്നില്ല. തമ്മിൽ തമ്മിൽ സ്നേഹിക്കുവാനാണ് കർത്താവ് നമ്മെ പഠി പ്പിച്ചത്. അന്യോന്യമുള്ള ബന്ധം ദൃഢമാക്കുവാനാണ് ദൈവം ആഗ്ര ഹിക്കുന്നത്. ദൈവം ആരെയും നിർബ്ബന്ധിക്കുകയോ, അടി ച്ചേൽപ്പിച്ച് ചെയ്യിക്കുകയോ ഇല്ല.

"അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലൊ" (റോമർ 13:8). ആദ്യം മനുഷ്യർ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസോടും പൂർണ്ണാ ത്മോടും കൂടെ സ്നേഹിക്കണം എന്നതാണ് മുഖ്യമായ കൽപന. ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്കുന്നതിനാൽ നാം ന്യായ പ്രമാണത്തെയും പ്രവാചകന്മാരെയും ആദരിക്കുകയാണ് ചെയ്യു ന്നത്. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ ഉപദ്രവി ക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ എന്നാണ് ക്രിസ്തു പഠിപ്പിച്ചത്. മറ്റൊരാളുടെ ഗുണം നോക്കി പ്രവർത്തിക്കുന്ന സ്നേഹമാണ് യേശു ക്രിസ്തു പഠിപ്പിക്കുന്ന സ്നേഹം. അല്ലാതെ ദോഷം സംഭവിക്കണം എന്ന വിചാരത്താൽ ചെയ്യുന്നതൊന്നും സ്നേഹമേ അല്ല. വാസ്ത വത്തിലുള്ള സ്നേഹം ആർക്കും ഒരു ദോഷവും കണക്കിടാത്ത തായിരിക്കും. യെഹൂദന്മാർ പ്രവാചകന്മാരെ ഉപദ്രവിച്ചിരുന്നതായി തിരുവെഴുത്ത് സംസാരിക്കുന്നു.

പുതിയ നിയമത്തിൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധി ക്കുക, "എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങ ളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലു താകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പെയുണ്ടായി രുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചു വല്ലൊ" (മത്തായി 5:11, 12). പിന്നെ ക്രിസ്തു പറഞ്ഞു, "കപടഭക്തി ക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും നീതിമാ ന്മാരുടെ കല്ലറകളെ അലങ്കരിച്ചുംകൊണ്ട് ഞങ്ങൾ പിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്നുവെങ്കിൽ, പ്രവാചകന്മാരെ കൊല്ലുന്നതിൽ

കൂട്ടാളികൾ ആകയില്ലായിരുന്നു എന്നു പറയുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്ന് സ്വയം സാക്ഷ്യം പറയുന്നുവല്ലോ" (മത്തായി. 23:29-33).

ദൈവപുത്രനായ ക്രിസ്തുപോലും ഉപദ്രവിക്കപ്പെട്ടിരുന്നു, നാം വായിക്കുന്നത്, "യെഹൂദന്മാർ യേശുവിനെ ഉപദ്രവിക്കുകയും കൊല്ലുവാൻ ആലോചിക്കുകയും ചെയ്തു. കാരണം അവൻ ശബ്ബത്തിൽ രോഗികളെ സൗഖ്യമാക്കുകയും അത്ഭുതങ്ങൾ ചെയ്യുകയും ചെയ്തു" (യോഹന്നാൻ 5:16) മറ്റൊരു സന്ദർഭത്തിൽ യേശു ശിഷ്യന്മാരോടു പറഞ്ഞു, "ഞാൻ നിങ്ങളോടു പറഞ്ഞ വാക്കു ഓർത്തുകൊൾവിൻ, ഭൃത്യൻ തന്റെ യജമാനനെക്കാൾ വലിയവനല്ല. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ, നിങ്ങളെയും ഉപദ്രവിക്കും; അവർ എന്റെ വാക്കു കൈകൊണ്ടാൽ നിങ്ങളുടേതും കൈകൊള്ളും" (യോഹന്നാൻ 15:20). അവസാനം ക്രിസ്തുവിനെ ഒറ്റി കൊടുക്കുകയും, വിചാരണ ചെയ്തു ക്രൂശിൽ തറയ്ക്കുകയും ചെയ്തു. എന്തു കൊണ്ട്? അവൻ നന്മ ചെയ്തു, ഒരു പാപവും ചെയ്യാതെ ജീവിച്ചു. എന്നാൽ അവൻ ക്രൂശിക്കപ്പെട്ടത്, അവന്റെ ഉപദേശം അവർക്ക് ഇഷ്ടപ്പെടാതിരുന്നത് കൊണ്ടാണ്. ക്രിസ്തുവിനെ വിചാരണ ചെയ്ത നാടുവാഴിയായിരുന്ന പിലാത്തോസ്, ക്രിസ്തുവിന്റെ നിരപരാധിത്വം മനസ്സിലാക്കിയിരുന്നു (മത്തായി 27:18).

സഭ ആരംഭിച്ചശേഷം കർത്താവിന്റെ ജനം വളരെ കഷ്ടത അനുഭവിച്ചിരുന്നതായി നമ്മോടു പറഞ്ഞിരിക്കുന്നു. ഉദാഹരണമായി, പത്രോസിനെയും യോഹന്നാനെയും കുറിച്ച് പറഞ്ഞിരിക്കുന്നത്, "അവർ ജനത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും സദൂക്യരും അവരുടെ നേരെ വന്ന്, അവർ ജനത്തെ ഉപദേശിക്കയാലും മരിച്ചവരിൽ നിന്നുള്ള പുനരുദ്ധാനത്തെ യേശുവിന്റെ ദൃഷ്ടാന്തത്താൽ അറിയിക്കയാലും നീരസപ്പെട്ടു. അവരെ പിടിച്ചു വൈകുന്നേരം ആകകൊണ്ട് പിറ്റേന്നാൾ വരെ കാവലിലാക്കി. എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വാസിച്ചു; പുരുഷന്മാരുടെ എണ്ണം തന്നെ അയ്യായിരത്തോളം ആയി" (പ്രവൃത്തികൾ 4:1-4). പിന്നീട്, അവരെ ഭീഷണിപ്പെടുത്തിയ ശേഷം വിട്ടയച്ചു. എന്നാൽ അവർ തങ്ങളുടെ ഉപദേശം തുടർന്നതിനാൽ വീണ്ടും വിചാരണയ്ക്കായി അവരെ പിടിച്ചു കൊണ്ടു വന്നു.

ഈ സമയത്ത് അവരെ അടിപ്പിച്ച്, യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് എന്ന് വിലക്കിയിട്ട് അവരെ പറഞ്ഞയച്ചു. പിന്നീട് നമ്മോടു പറഞ്ഞിരിക്കുന്നത്, "തിരുനാമത്തിന് വേണ്ടി അപമാനം സഹിപ്പാൻ യോഗ്യമായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചു കൊണ്ടു ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നു പുറപ്പെട്ടുപോയി. പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തുവെന്ന് സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 5:41,42). മതപരമായ പരിശീലനങ്ങൾ നിമിത്തം മാത്രമല്ല ആളുകൾ ഉപദ്രവിക്കപ്പെടുന്നത്. മറ്റു പല കാരണങ്ങൾ കൊണ്ടും അത് നേരിട്ടേയ്ക്കാം. അപ്പോസ്തലപ്രവൃത്തികൾ വായിക്കുമ്പോൾ, ക്രിസ്തുവിന്റെ ശിഷ്യന്മാർ ഉപദ്രവിക്കപ്പെട്ടത് അവന്റെ നാമത്തിൽ അവർ സംസാരിച്ചതു കൊണ്ടത്രേ. അത് ക്രിസ്തുവിനോടുള്ള അവരുടെ നീരസം നിമിത്തമായിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്കെതിരെ വലിയ ഉപദ്രവമായിരുന്നു നേരിട്ടത്. അത്തരം ഉപദ്രവകാരികളിൽ ഒരാളായിരുന്നു ശൗൽ. അവൻ തന്നെക്കുറിച്ച് പറഞ്ഞത് ഉപദ്രവകാരിയും പാപികളിൽ ഒന്നാമനും എന്നാണ് (1 തിമൊഥെയോസ് 1:13-15). ഒരു ദർശനത്തിൽ യേശു അവന് പ്രത്യക്ഷനായി യേശു അവനോട് നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് എന്ന് ചോദിച്ചപ്പോൾ, നീ ആരാകുന്നു എന്ന് ശൗൽ അവനോട് ആരാഞ്ഞു. അതിന് കർത്താവ്, "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" എന്നാണ് പറഞ്ഞത് (പ്രവൃത്തികൾ 9:5). വാസ്തവത്തിൽ അവൻ ഉപദ്രവിച്ചത് സഭയെ ആയിരുന്നു, എന്നാൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത് ക്രിസ്തുവിനെ ഉപദ്രവിക്കുന്നതിന് തുല്യമാണ്. സഭ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. ശൗൽ വീടുതോറും കയറി ഇറങ്ങി ക്രിസ്ത്യാനികളായ സ്ത്രീ പുരുഷന്മാരെ തടവിലാക്കുകയും ചെയ്തിരുന്നു (പ്രവൃത്തികൾ 8:3). അടുത്ത വാക്യത്തിൽ പറയുന്നത്, " ഉപദ്രവം നിമിത്തം ചിതറിപ്പോയവർ വചനം സംസാരിച്ച് കൊണ്ട് അവിടവിടെ സഞ്ചരിച്ചിരുന്നു (പ്രവൃത്തികൾ 8:4). അവർ എവിടെയും പോയി ഒളിച്ചിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

പിന്നീട് പൗലോസ് ക്രിസ്ത്യാനിയായ ശേഷം, അവനും ഉപദ്ര

വിക്കപ്പെട്ടതായി കാണാം (1 കൊരിന്ത്യർ 4:12). തെസ്സലൊനിക്യയിലുള്ള സഹോദരന്മാരോട് പൗലൊസ് പറഞ്ഞു, ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നേ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചു കൊണ്ടിരിക്കുന്നു. സഹോദരന്മാരെ, യെഹൂദ്യയിൽ ക്രിസ്തുയേശുവിലുള്ള ദൈവസഭകൾക്കു നിങ്ങൾ അനുകാരികളായിത്തീർന്നു. അവർ യെഹൂദരാൽ അനുഭവിച്ചതു തന്നേ നിങ്ങളും സ്വജാതിക്കാരാൽ അനുഭവിച്ചുവല്ലോ. യെഹൂദർ കർത്താവായ യേശുവിനെയും സ്വന്ത പ്രവാചകന്മാരെയും കൊന്നവരും ഞങ്ങളെ ഓടിച്ചു കളഞ്ഞവരും ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകലമനുഷ്യർക്കും വിരോധികളും ജാതികൾ രക്ഷിക്കപ്പെടേണ്ടതിന്നായി ഞങ്ങൾ അവരോടു പ്രസംഗിക്കുന്നതു വിലക്കുന്നവരും ആകുന്നു; അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു. എന്നാൽ ദൈവക്രോധം അവരുടെമേൽ മുഴുത്തുവന്നിരിക്കുന്നു (1 തെസ്സലൊനിക്യർ 2:13-16).

★

## സംഭാവന അല്ലെങ്കിൽ അർപ്പണം

### ഡോൺ വില്ല്യംസ്

ഒരു ദിവസത്തെ അദ്ധ്വാനത്തിനുശേഷം കണ്ടു മുട്ടിയ പന്നിയുടേയും കോഴിയുടെയും ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ താമസിക്കുന്ന വീട്ടിൽ എനിക്കു വലിയ ഭാരമുള്ള ജോലിയൊന്നുമില്ല. പക്ഷെ ആ വീട്ടുകാർ ഒരു ദിവസം 10 മുട്ടയെങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നു കോഴി പറഞ്ഞു. ഞാൻ ക്ഷീണിച്ചു മടുത്തു എന്നു പന്നിയും മറുപടി പറഞ്ഞു. നീ നിന്റെ സംഭാവന എല്ലാം അവർക്കു കൊടുക്കുന്നു എന്നാൽ ഞാൻ താമസിക്കുന്ന വീട്ടുകാർ എന്നെത്തന്നെ മേശയിലേക്കു എടുത്തുവെക്കുന്ന സമയം നോക്കിയിരിക്കയാണ് ഞാൻ എന്നുകൂടെ പന്നി പ്രസ്താവിച്ചു.

ഈ കഥ ഓർമ്മിച്ച് സഭയിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരത്തിനായി മുൻപിൽ എത്തുന്ന പ്ലെയിറ്റോ സഞ്ചിയോ

കാണുമ്പോൾ നമ്മുടെ സമീപനം എന്തായിരിക്കും. നമ്മുടെ സംഭാവന എപ്രകാരമായിരിക്കും? കർത്താവു നമുക്കു നല്കിയതുമായി താരതമ്യം ചെയ്താണോ നാം കർത്താവിനു കൊടുക്കുന്നതു. വാസ്തവത്തിൽ നാം ഒരു അർപ്പണ ബോധത്തോടെയാണോ ഇതു ചെയ്യുന്നത്?

നമുക്കുവേണ്ടി കർത്താവിനു കൊടുക്കേണ്ടിവന്ന സംഭാവനയെ നിങ്ങൾ വാസ്തവത്തിൽ കണക്കിലെടുത്തിട്ടുണ്ടോ? ഓരോരുത്തൻ വ്യക്തിപരമായി ചെയ്യേണ്ട കർത്തവ്യമാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ സംഭാവന. അവനവന്റെ കഴിവനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭയോടു ആജ്ഞാപിച്ചതു പോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിൽ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചു കൊള്ളേണം. നമുക്കുവേണ്ടി മരിച്ച യേശുവിന്റെ മരണത്തിന്റെ വില നമുക്കു കാണാൻ പറ്റുമോ? അവൻ കാൽവരി മലയിൽ ചെയ്ത പ്രവർത്തിക്കു എന്തു പകരം കൊടുപ്പാൻ നമുക്കു കഴിയും? ഈ ലോകത്തുള്ള പണമോ വസ്തുവകകളോ ഒന്നും അതിനു പ്രത്യുപകാരമായി തീരുകയില്ല. ഏറ്റവും ശ്രേഷ്ഠമായ ദാനം തന്ന ദൈവത്തിന് നാം തിരിച്ച് ഏറ്റവും നല്ല സംഭാവന കൊടുക്കണ്ടേ? തീർച്ചയായും വേണം.

ഒരാൾ തന്റെ ജീവിതം ക്രിസ്തുവിൽ ഏല്പിക്കാൻ തീരുമാനിച്ചാൽ അവൻ ദൈവത്തിനു ഒരു പൂർണ്ണ സമർപ്പണം ആയി തീരണം. നമ്മുടെ സ്വാർത്ഥതയെ നാം പാടെ ത്യജിക്കണം എന്നിട്ടു വേണം യേശുവിനെ പിൻപറ്റുവാൻ. ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നാണു കർത്താവു പറഞ്ഞത് (മത്തായി 16:24). പേരിനു വേണ്ടി യേശുവിനെ പിൻ പറ്റുകയല്ല വേണ്ടതു. പൂർണ്ണമായ ഒരു സമർപ്പണമായിരിക്കണം എടുക്കേണ്ടത്. കലപ്പക്കു കൈ വച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവ രാജ്യത്തിനു കൊള്ളാവുന്നവനല്ല (ലൂക്കോസ് 9:62).

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോഴാണ്

ഒരാൾ തന്നെത്താൻ ത്യജിച്ച് ദൈവത്തിനായി സമർപ്പിക്കുന്നത്. അന്നുമുതൽ നമ്മുടെ ജീവിതവും പണവും വസ്തുവും സമയവും എല്ലാം ദൈവത്തിനുള്ളതായി മാറുന്നു. മുൻപും ദൈവത്തിന്റേതായിരുന്നു. പക്ഷെ ഇപ്പോൾ അതിന്റെ ഉപയോഗം ദൈവഹിതത്തിനായി നാം പ്രതിഷ്ഠിക്കുന്നു. അങ്ങനെ സമർപ്പണം ചെയ്തവർ ചില കാര്യങ്ങളിൽ അവർ അവരുടെ സ്വന്തം എന്ന നിലക്ക് ഉപയോഗിക്കുമ്പോൾ അതു എത്ര ദു:ഖകരമാണെന്നു ഓർത്തു നോക്കു. ഇനി ധർമ്മ ശേഖരത്തിന്റെ കാര്യത്തിൽ ചിലർ കാണിക്കുന്ന ഉദാസീനത എങ്ങനെ അവരെ അതു പിന്നീട് ബാധിക്കും എന്നു ചിന്തിക്കുന്നില്ല.

ഒരാൾ സ്നാനപ്പെടാൻ പോയപ്പോൾ സംഭവിച്ച കാര്യം ഓർമ്മയിൽ വരുന്നു. ഉപദേഷ്ടാവും സ്നാനമേല്ക്കേണ്ട ആളും വെള്ളത്തിൽ ഇറങ്ങുവാൻ തുടങ്ങിയപ്പോൾ സ്നാനം ഏല്ക്കാനായി തയ്യാറായ ആളുടെ പോക്കറ്റിൽ നോട്ടുകൾ കിടക്കുന്നതു കണ്ട ഉപദേഷ്ടാവ് അതു മാറ്റുവാൻ പറഞ്ഞു. പക്ഷെ അദ്ദേഹം പറഞ്ഞതെന്താണെന്നോ? അതിനോടുള്ള എന്റെ ആഗ്രഹവും സ്നാനപ്പെടുമ്പോൾ ഇല്ലാതാകണം എന്ന്. നാം ദൈവത്തിനു നല്കുമ്പോൾ നമുക്കുള്ളതെല്ലാം നല്കികൊണ്ടു ദൈവത്തിൽ ആശ്രയിച്ചു നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി തരുവാൻ ദൈവം ഉണ്ടല്ലോ എന്ന വിശ്വാസത്തോടെ വേണം അർപ്പിക്കുവാൻ. മക്കെദോന്യയിലെ ക്രിസ്ത്യാനികൾ കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും മഹാ സന്തോഷത്തോടെ പ്രാപ്തിയനുസരിച്ചും അതിനു മീതെയും കൊടുത്തു. ഇതായിരിക്കണം നമ്മുടെയും മനോഭാവം (2 കൊരിന്ത്യർ 8:5).

✶

# മാനസാന്തരം വിശ്വാസത്തിനു മുൻപോ?

## മൈക്കോ ബെൻസൺ

വിശ്വാസത്തിനു മുൻപാണോ മാനസാന്തരം ഉണ്ടാകേണ്ടത്?

1. ബൈബിൾ പറയുന്നത്, ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു എന്നാണ്. ദൈവ ദൂതന്മാർക്കിടയിലും

സന്തോഷമുണ്ടാകുന്നു (ലൂക്കോസ് 15:16) അതുപോലെ മറ്റൊന്നു കൂടെയുണ്ട്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഉത്സാഹത്തോടെ ദൈവത്തോടു അടുക്കുന്നവർക്കു ദൈവം പ്രതിഫലം കൊടുക്കുമെന്ന് ഒരാൾ വിശ്വസിക്കണം. വിശ്വാസം എന്നതോ ദൈവത്തിലുള്ള ആശ്രയമാണ്. ദൈവത്തെ അന്വേഷിച്ചു കണ്ടെത്തേണ്ട ചുമതല എല്ലാവരിലും ഉണ്ട്.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള മാനസാന്തരം ദൈവത്തിനു പ്രസാദകരമായ അവസ്ഥയിലേ ആർക്കായാലും സന്തോഷിക്കാൻ പറ്റു.

2. നിനവേ പട്ടണക്കാർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു ന്യായവിധി നാളിൽ നിനെവേക്കാർ എഴുന്നേറ്റു അവരെ ന്യായം വിധിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നുവല്ലോ. കാരണം അവർ മാനസാന്തരപ്പെട്ടിരുന്നു (മത്തായി 12:41). നിനെവെയിലെ ആളുകൾ അവരുടെ തെറ്റു തിരുത്തിയതുകൊണ്ടാണ് ദൈവം അവരെ നശിപ്പിക്കാതിരുന്നത്. ദൈവ കല്പനയായ മാനസാന്തരം ഏതൊരാൾക്കും ആവശ്യമാണ്. പക്ഷെ അതു വാസ്തവത്തിലുള്ള ഒന്നായിരിക്കണം; ദൈവം ആഗ്രഹിക്കുന്നതു പോലെയുമായിരിക്കണം എന്നു മാത്രം.

3. ദൈവത്തിലുള്ള വിശ്വാസത്തെ സംബന്ധിച്ച് പിശാചുക്കളും അവനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നുണ്ട് (യാക്കൊബ് 2:19). ഇന്ന് അനേകം പേരുടെ വിശ്വാസവും വെറും പൊള്ളയായ വിശ്വാസമാണ്. കാരണം പ്രവൃത്തിയില്ല. അതു ദൈവ സന്നിധിയിൽ പ്രസാദകരമാവുകയില്ല.

വിശ്വാസത്തിനു മുൻപ് മാനസാന്തരം വരുന്നുവെങ്കിൽ പിശാചുക്കളിലും അതുണ്ടാകണം. ബൈബിളിൽ പറഞ്ഞിരിക്കുന്ന ക്രമം എന്തെന്നാൽ ആദ്യം വചനം കേൾക്കുക, കേട്ടിട്ട് വിശ്വസിക്കുക; വിശ്വസിച്ചു മാനസാന്തരപ്പെടുക എന്നതാണ്. പത്രൊസിന്റെ പ്രസംഗം കേട്ടു വിശ്വസിച്ച ആളുകളാണ് അവർ എന്തു ചെയ്യണം എന്നു ചോദിച്ചത്. അവരോടു പത്രൊസ് പറഞ്ഞത് നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ എന്നായിരുന്നു

(പ്രവൃത്തി 2:38). പത്രൊസിന്റെ പ്രസംഗം കേട്ടവരുടെ ഹൃദയത്തിൽ കുത്തു കൊണ്ടിരുന്നു. അതു അവർ വിശ്വസിച്ചതിന്റെ സൂചനയായിരുന്നു.

അവർ മാനസാന്തരപ്പെടുകയും സ്നാനം ഏല്ക്കുകയും ചെയ്തു. അവരുടെ മനസിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അന്തരം. ദൈവകല്പനകൾക്ക് അവരുടെ പ്രവൃത്തികളെ തിരിച്ചു വിടുകയുണ്ടായി.

അല്ലല്ല, മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചു പോകും (ലൂക്കോസ് 13:3). മാനസാന്തരം എന്ന ആശയം എല്ലാവർക്കും ഇഷ്ടമാണ്. പ്രായോഗികമാക്കി തീർക്കുവാനാണ് പ്രയാസം. ഈ കല്പനയുടെ പ്രാധാന്യം കണക്കിലെടുത്താൽ മാത്രമെ അതു പ്രാവർത്തികമാകയുള്ളു. നമ്മുടെ ദൈനന്തിന ജീവിതത്തിൽ മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കണം. മനസിനെ നേരായി സൂക്ഷിക്കാൻ കഴിഞ്ഞാൽ പ്രവർത്തികൾ ശരിയായി വരും. പലരുടേയും ജീവിതം വഴി പിഴച്ചു പോകുന്നതു അവരുടെ ചിന്ത മോശമായതു കൊണ്ടാണ്. പുതുക്കമുള്ള മനസു രൂപാന്തരത്തിനു ആവശ്യമാണ്. മനസും ഹൃദയവും ശുദ്ധമായാൽ ജീവിതം ശുദ്ധമാകും. വെറും ദുഃഖമല്ല മാനസാന്തരം. നാം വരുത്തുന്ന അന്തരം യാഥാർത്ഥ്യമായിരിക്കണം. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ ആകണം.

✶

## തികവുള്ള മാതൃക

### കെ.വി. മകാൽപിൻ

ക്രിസ്തു ഭൂമിയിൽ വന്നതു ഒരുദ്ദേശത്തിനു വേണ്ടിയായിരുന്നു. അതു പ്രവചന നിവർത്തീകരണത്തിനും നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കേണ്ടതിന്നും വേണ്ടി ആയിരുന്നു (മത്തായി 1:21; 1 തിമൊഥെയോസ് 1:15). നാം അവന്റെ കാലടികളെ പിൻപറ്റേണ്ടതിനു ക്രിസ്തു ഇവിടെയായിരുന്നപ്പോൾ ഒരു മാതൃക വിട്ടിട്ടാണ് പോയതു (1 പത്രൊസ് 2:21). വിട്ടു പോകുക എന്ന വാക്ക് അക്ഷരാർത്ഥത്തിൽ

തന്നെ “പുറകിൽ വിടുക” എന്നതാണ് സൂചിപ്പിച്ചിരിക്കുന്നത് (സങ്കീർത്തനം 85:13; മത്തായി 10:33; 16:24; യോഹന്നാൻ 13:15:1 യോഹന്നാൻ 2:6). മനുഷ്യനു ദൈവം ആവശ്യമാണ്. യിരെമ്മ്യാ പ്രവാചകൻ ഇതിനെ ഊന്നി പറഞ്ഞിട്ടുണ്ട്. മനുഷ്യപുത്രന്റെ കാലടികളെ പിൻപറ്റുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം. ഒരു തികഞ്ഞ നടപ്പിന്റെ മാതൃക ക്രിസ്തുവിൽ ദർശിക്കാം. ആ മാതൃകയെ പറ്റി പറയുന്ന വേദഭാഗം വായിച്ചാൽ അങ്ങനെ ജീവിക്കുന്നതിന്റെ ആവശ്യകത നമുക്കു ബോധ്യമാകും (1 പത്രൊസ് 2:21-25)

## ക്രിസ്തുവിന്റെ ജീവിത മാതൃക

അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചും, നിങ്ങൾ അവന്റെ കാൽ ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീക്ഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തതു (1 പത്രൊസ് 2:21,23). ഈ വേദഭാഗങ്ങളിൽ “നിങ്ങളെ” എന്നു പറഞ്ഞിരിക്കുന്നതു 18-ാം വാക്യത്തിലെ വേലക്കാരെ ഉദ്ദേശിച്ചാണ്. ഒന്നാം നൂറ്റാണ്ടിൽ വേലക്കാർ അനുഭവിച്ച കഷ്ടം വളരെ സങ്കീർണ്ണമായിരുന്നു. മറ്റുള്ളവരാൽ നിരപരാധികൾ കഷ്ടം അനുഭവിക്കേണ്ടി വന്ന സാഹചര്യം. അവർക്ക് ആശ്വാസം ലഭിക്കുവാൻ മറ്റൊരാൾ ഇതേപോലെ കഷ്ടം സഹിച്ചതു ഓർക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തു കഷ്ടം സഹിച്ചതു ഓർക്കുമ്പോൾ അതു നമ്മുടെ നന്മക്കായിരുന്നു എന്നതും ആശ്വാസപ്രദമാണ് (2 തിമൊഥെയോസ് 3:12; 1 പത്രൊസ് 3:18; മത്തായി 5:10).

മാതൃക എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം “പകർത്തി എഴുതൽ” എന്നു വിശദീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കു സ്കൂളിൽ ഇത്തരം പരിശീലനം നല്കാറുണ്ട്. പടം വരയ്ക്കുന്നതും മറ്റും ട്രെയിസിങ്ങ് പേപ്പറിൽ വരയുടെ മുകളിൽ കൂടെ വരച്ചു പഠിക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. അതേ അർത്ഥമാണ് മാതൃക

എന്ന വാക്കിനും ഉള്ളത്.

22-ാം വാക്യത്തിൽ അവൻ പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞിക്കുന്നു (2 കൊരിന്ത്യർ 5:21; എബ്രായർ 4:15;1 യോഹന്നാൻ 3:5). അതായതു പാപം വന്നിട്ടുള്ള ഒരൊറ്റ സംഭവം പോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഇനി വഞ്ചന എന്ന വാക്കു നോക്കിയാൽ, ഉപായം, സൂത്രം എന്നിവ അടങ്ങുന്നതാണല്ലോ. കർത്താവിന്റെ നാവിൽ നിന്നു അത്തരത്തിൽ ഒരൊറ്റ വാക്കു പോലും പുറപ്പെട്ടിരുന്നില്ല. അവന്റെ വാക്കുകൾ അത്രയും മറ്റുള്ളവർക്കു ഗുണപ്രദമായിരുന്നു. അവന്റെ ശത്രുക്കൾ അവനിൽ കുറ്റം കണ്ടെത്തുവാൻ വളരെ ഉത്സാഹപൂർവ്വം അന്വേഷണം നടത്തി (യോഹന്നാൻ 1:47; വെളിപ്പാട് 14:5). ക്രിസ്തുവിനെ ആളുകൾ ശകാരിക്കുക മാത്രമല്ല ചെയ്തതു മുള്ളുകൊണ്ടു മുറിവുണ്ടാക്കി വേദനയാൽ കഷ്ടപ്പെടുത്തി എന്നതു കൂടെ കാണുന്നുണ്ട്. അതി കഠിനമായ ഈ കഷ്ടത അവൻ സഹിക്കയായിരുന്നു (സങ്കീർത്തനം 38:12-14; മത്തായി 5:11; ലൂക്കോസ് 22:64; മത്തായി 26:62-63; മർക്കോസ് 15:29 32). ശകാരത്തിനു ശകാരമോ കഷ്ടത്തിനു ഭീഷണിയോ അവൻ ഉയർത്തിയില്ല (എബ്രായർ 12:2-3). തന്റെ ഉദ്ദേശത്തിൽ നിന്നു അവനെ പിന്തിരിപ്പിക്കാൻ ഇവക്കൊന്നിനും കഴിഞ്ഞില്ല. ന്യായമായി വിധിക്കുന്ന ദൈവത്തിൽ സകലതും ഭരമേല്പിക്കയത്രെ ചെയ്തതു (സങ്കീർത്തനങ്ങൾ 37:5;2 തിമൊഥെയോസ് 1:12; ലൂക്കോസ് 23:46).

## ക്രിസ്തുവിന്റെ സ്നേഹ മാതൃക

“നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു (1 പത്രൊസ് 2:24). ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം നിമിത്തം ആയിരുന്നു അങ്ങനെ ചെയ്തതു. അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു (1 യോഹന്നാൻ 3:16). സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല (യോഹന്നാൻ 15:13). നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു.

ജീവനെ കൊടുക്കുന്നതിലധികം സ്നേഹം മറ്റാർക്കുമില്ല. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാഹാത്മ്യം തുല്യപ്പെടുത്താവുന്ന മറ്റാരുമല്ല (മത്തായി 20:28; മർക്കോസ് 10:45; 1 തിമൊഥെയോസ് 2:6). ആകയാൽ ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യ വാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതു പോലെ സ്നേഹത്തിൽ നടപ്പിൻ (എഫെസ്യർ 5:2).

## ക്രിസ്തുവിന്റെ നായകത്വ മാതൃക

നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപോലെ ആയിരുന്നു ഇപ്പോഴോ നിങ്ങളുടെ ആടുകളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു (1 പത്രൊസ് 2:25). ഒരു യഥാർത്ഥ ഇടയനെ പോലെ യാണ് ക്രിസ്തു. ആളുകളെ നയിക്കുകയും പോറ്റി പുലർത്തി സംരക്ഷിക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 119:76; മത്തായി 9:36; യോഹന്നാൻ 10:1-6; എബ്രായർ 13:20). ക്രിസ്തു നമ്മുടെ ഇടയശ്രേഷ്ഠനായിട്ടാണ് പത്രൊസ് വിവരിച്ചിരിക്കുന്നത് (1 പത്രൊസ് 5:4). ക്രിസ്തു, ക്രിസ്ത്യാനികളുടെ ക്ഷേമ തല്പരനാണ്. അവരുടെ ആത്മാക്കളെ സംരക്ഷിക്കുകയും നേർ പാതയിൽ സഞ്ചരിക്കുവാൻ സഹായിക്കുകയും ചെയ്യും (1 തിമൊഥെയൊസ് 2:5-6).

1 പത്രൊസ് 2:21-25 വരെയുള്ള വേദഭാഗങ്ങളിൽ നിന്നും നാം പഠിച്ച കാര്യങ്ങൾ എന്തെല്ലാമാണ്? ക്രിസ്തു നമുക്കു ഒരു മാതൃക വിട്ടിട്ടു പോയിരിക്കുന്നു. അതു നാം പിൻതുടരുവാനാണ്. ക്രിസ്തുവിന്റെ ജീവിതം, സ്നേഹം, നായകത്വം എന്നിവയാണവ. ഈ മാതൃക നമ്മുടെ ജീവിതത്തിലും നാം എടുക്കേണ്ടതാണ്. ക്രിസ്തുവിനോടു അനുരൂപപ്പെട്ടു ജീവിക്കാനാഗ്രഹിക്കുന്നവർ ഈ മാതൃക തങ്ങളുടെ ജീവിത ശൈലിയായി എടുക്കണം. നമ്മുടെ എല്ലാ കാര്യങ്ങൾക്കും പൂർണ്ണാധികാരി ക്രിസ്തുവാണെന്ന കാര്യം ഒരിക്കലും മറക്കരുത്.

## കവിത

### വിമോചനവും വിശ്വമഹാശില്പിയും

ഒരുദിവ്യ നിശീഥിനിയിലെ,
സുപരിചിത സ്മൃതിഗാഥയിൽ
എന്റെ വിലാപ സ്വരങ്ങളെ
നൃത്തപൂർണ്ണമാക്കിയ
വിശ്വമഹാശില്പി.

ഈ മൃത്യുകവാടത്തിന് മുമ്പിൽ,
നിന്റെ വചനാമൃത വർഷധാരയുടെ
ശീതളഛായയിൽ എന്റെ മിഴികൾ
സലജ്ജമാകുന്നു.
ഒരു വ്രതോത്സാഹത്തിന്റെ നൂപുരധ്വനി,
ഉണരുന്ന ഈ നിശാദർശനത്തിൽ
ഒരഗ്നിശലക ഹൃദയത്തിൽ
ധ്യാനമായ് പരിണമിക്കുന്നു.
നിന്റെ മനോജ്ഞ മുഖദർശനത്തിനും
മധുരമായസ്വര ശ്രവണത്തിനും
മൃദുലാംഗുലീ സ്പർശത്തിനും
യെരുശലേമിന്റെ തെരുവീഥിയിൽ
ഞാൻ ഏകനായി കാത്തുനില്ക്കുമ്പോൾ
രഥവ്യൂഹങ്ങളില്ലാത്ത വിജനരാജപാതയിൽ
ഇനി കേൾക്കുന്ന കുളമ്പടിനാദം
വെള്ളക്കുതിരയുടേതാണ്.

✶

## പത്ഥ്യോപദേശം

### ഗസ് നിക്കോൾസ്

ഉപദേശം എന്ന പദത്തെ നിർവ്വചിച്ചിരിക്കുന്നതു പഠിപ്പിക്കപ്പെട്ടതിനെ നിർദ്ദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നാണ്. താത്വികമായ വിശ്വാസമാണ് അഥവാ ഒരു തത്വത്തിന്റെ ഘടന എന്നു പറയുന്നതു. ഇവയെല്ലാം പ്രാധാന്യമുള്ളതല്ലേ? പത്ഥ്യോപദേശം മുഖ്യമല്ലേ? ഉപദേശ പ്രസംഗങ്ങൾ ഒന്നും തങ്ങൾക്കു കേൾക്കേണ്ട എന്നു പറയുന്നതും മത പരമായ പഠനം ഒന്നും ആവശ്യമില്ല എന്നു പറയുന്നതും സമമാണ്. വിശ്വാസ തത്വത്തെ അവർ തിരസ്ക്കരിക്കുന്നു എന്നതാണ് സാരം.

### ഉപദേശവും വിധിയും

ഉപദേശത്താലും പ്രബോധനത്താലും അല്ലാതെ മറ്റൊരു രീതിയിലും ആളുകളെ പരിവർത്തനം ചെയ്യാൻ ദൈവം തിരഞ്ഞെടുക്കുന്നില്ല. വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി (1 കൊരിന്ത്യർ 1:21). പരിഷ്ക്കാരിയായ ആധുനിക

മനുഷ്യനു ഈ ദൈവീക പദ്ധതി യോജിച്ചതായി തോന്നാതിരിക്കാം. അവനു ഇതു ഭോഷത്വമായി തോന്നാം. എന്നാൽ ദൈവത്തിനു ഇതിൽ ഇഷ്ടം തോന്നി അങ്ങനെയാണ് രക്ഷിക്കുന്നത്. ലോകം ജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞില്ല. മനുഷ്യർക്ക് ഒരു ധാരണയുള്ളത്. ഞങ്ങൾക്ക് ദൈവത്തെക്കാൾ അറിവുണ്ട് എന്നാണ്. അങ്ങനെ പറഞ്ഞില്ലെങ്കിലും അതാണവരുടെ ഭാവം. ആദാമിനോടും ഹവ്വയോടും സാത്താൻ പറഞ്ഞു ഫലിപ്പിച്ചു അവരെ ദൈവത്തിൽ നിന്നും വേർപിരിച്ച് തെറ്റിച്ചു എന്നു നാം കാണുന്നു (ഉല്പത്തി 2:16-17). സുവിശേഷത്തെ മറിച്ചു കളയുന്ന വരും ഇതാണ് ചെയ്യുന്നതു. ദൈവം അതു വിലക്കിയിട്ടുണ്ട് (ഗലാത്യർ 1:6-10).

ഈ ലോകത്തു നിന്നു പിരിഞ്ഞു പോകുന്നതിനു മുൻപ് അവസാനമായി യേശു കൊടുത്ത മഹത്തായ കല്പന എന്തെന്നു നോക്കുക. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു ശിഷ്യരാക്കി കൊൾവിൻ (മത്തായി 26:19). ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുവാൻ വേണ്ടി നാം അവരെ ഉപദേശം പഠിപ്പിക്കണം. അതു ക്രിസ്തുവിന്റെ ഉപദേശം ആയിരിക്കണം. അതിന്റെ പ്രാധാന്യം നാം ഗൗരവമായി എടുക്കണം. പത്ഥ്യോപദേശത്തിനൊത്ത വണ്ണം പ്രബോധിപ്പിക്ക എന്നാണ് പൗലൊസ് തിമൊഥെയൊസിനു എഴുതിയത് (തിത്തോസ് 2:1).

തന്റെ ആദ്യത്തെ പ്രസംഗത്തിൽ യേശു സംസാരിച്ചതു ഉപദേശമായിരുന്നു. പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയം പൂണ്ടു എന്നത്രെ രേഖ പറയുന്നതു (മത്തായി 7:25). ദയവോടെ സ്ഫുടതയോടെ ഇന്നും നാം അതേ പത്ഥ്യോപദേശം പ്രസംഗിക്കുകയാണെങ്കിൽ ആളുകൾ അതിശയിക്കും! പ്രഭാതത്തിൽ വിരിയുന്ന ഒരു റോസാ പുഷ്പം പോലെ പുതുക്കമുള്ളതും മനോഹരവും അത്രെ. വായു ശ്വാസകോശത്തിനു യോജിക്കുന്നതുപോലെ മനുഷ്യന്റെ ആവശ്യത്തിന് യോജിക്കുന്നതാണ് ഇന്നും. വിശപ്പിനു ആഹാരവും ദാഹത്തിന് ജലവും എത്രത്തോളം മനുഷ്യനു ആവശ്യമാണോ അതുപോലെ പ്രബോധനവും ഉപദേശവും ഒഴിവാക്കാൻ പറ്റാത്തതു തന്നെ. നമ്മുടെ ഹൃദയത്തിൽ ഇതിൽ കുറവായ മറ്റൊന്നിനും ദൈവത്തെ തൃപ്തിപ്പെടുത്താനാവുന്നതല്ല. ഒരു പക്ഷി തന്റെ ഇണയെ തേടുന്നതുപോലെയാണ് ഭക്തിക്കനുസാരമായ ഉപദേശവും ശരിയായ മതവും. സ്ത്രീ പുരുഷനേയും പുരുഷൻ സ്ത്രീയേയും ആഗ്രഹിക്കുന്നതുപോലെ മനുഷ്യനു ദൈവവും ദൈവത്തിന്റെ ഉപദേശവും വേണം.

# ഉപദേശത്തിൽ തുടർന്നു

യെരുശലേമിലെ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശത്താൽ തുടർന്നു ജീവിച്ചു (പ്രവൃത്തി 2:42). അപ്പൊസ്തലന്മാരിൽ ആരെങ്കിലും ഒരാൾ അവരുടെ ആരാധനക്കിടയിൽ ഉപദേശം നല്കാതെ മാറി നിന്നാൽ അതെത്ര ഞെട്ടലുണ്ടാക്കും എന്നോർക്കുക. ഒരാൾ പറഞ്ഞെന്നിരിക്കട്ടെ ഇങ്ങനെ: ഞങ്ങൾക്കു ഉപദേശമൊന്നും വേണ്ട. കേൾക്കാൻ നല്ല രസമുള്ള നല്ല കഥകളോ മറ്റോ കേൾപ്പിച്ചാൽ മതി എന്ന്. അതിന് അപ്പൊസ്തലന്മാർ എന്തു പറയുമായിരുന്നു. ഇതല്ലാതെ ഞങ്ങൾക്കു മറ്റൊന്നും പറവാനില്ല എന്നായിരിക്കും. ഉപദേശത്തെ വിട്ടു കളയുന്നതിനുപകരം യെരുശലേമിലെ ക്രിസ്ത്യാനികൾ ഉപദേശത്തെ മുറുകെ പിടിച്ചു. പ്രമാണിമാർ അവരെ പറ്റി പറയുന്നു: ഈ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി പറഞ്ഞതല്ലയോ? എന്നാൽ നിങ്ങൾ ഉപദേശം കൊണ്ടു യെരുശലേമിനെ നിറെച്ചിരിക്കുന്നു (പ്രവൃത്തി 5:28).

## ഉപദേശത്തിൽ വസിക്കുക

മതപരമായ ലോകം മുഖ്യമായി ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അകന്നു പോയിരിക്കയാണ്. ഉപദേശം അല്ലെങ്കിൽ ക്രിസ്തുവിന്റെ സുവിശേഷം ബൈബിളിൽ വായിക്കുന്ന ക്രിസ്തുവിന്റെ സഭകളെയാണ് പുറപ്പെടുവിക്കുന്നത് (റോമർ 16:16). തല തിരിഞ്ഞ ഉപദേശം എന്തെന്നറിയാതെ നാമധേയ വിഭാഗത്തിലെ ആളുകൾ മടങ്ങി വന്നാൽ ഈ വിശ്വാസവും വെളിപ്പാടും ആരാധനയും അവർക്കു ഒരാഴ്ച്ചപോലും സഹിക്കാൻ പറ്റിയെന്നു വരികയില്ല. അതുകൊണ്ടു കർത്താവു പറഞ്ഞു: ആളുകൾ തന്റെ ഉപദേശം ഇന്നതെന്നു അറിയണം എന്ന് (യോഹന്നാൻ 7:8). എല്ലാവരും അവന്റെ ഉപദേശത്തിൽ നിലനില്ക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. ആരും ആ ഉപദേശം കേൾക്കുന്നതിലോ, പഠിക്കുന്നതിലോ, പരിശീലിക്കുന്നതിലോ, മടുത്തുപോകരുത്.

ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കാതെ, അതിൽ വസിക്കാതെ ഇരിക്കുന്നവനു ദൈവം ഇല്ല എന്നത്രെ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു. “ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവനു കുശലം പറകപോലും അരുതു” (2 യോഹന്നാൻ 9-10). ഭൂമിയിലുള്ള ആർക്കും ഇതു വായിച്ചു കൊണ്ടു ഉപദേശം അത്ര പ്രാധാന്യമുള്ളതല്ല എന്നു പറയാൻ പറ്റുകയില്ല. അന്യഥാ ഉപദേശിക്കരുതെന്നു

ആജ്ഞാപിക്കേണ്ടതിനു പൗലൊസ് തിമൊഥെയൊസിനു എഴുതുകയുണ്ടായി.

## ഉപദേശവും ഐക്യവും

ക്രിസ്തുവിന്റെ ഉപദേശം ഐക്യവും സമാധാനവുമാണ് വളർത്തുന്നതെങ്കിൽ ദുരുപദേശം, ഭിന്നതയും പാപവുമാണ് വളർത്തുന്നതു. "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശ രൂപത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവിനെയല്ല, തങ്ങളുടെ വയറ്റിനെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളയുകയും ചെയ്യുന്നു" (റോമർ 16:17-18). അപ്പൊസ്തലന്മാരാൽ ഇവർക്കു ലഭിച്ച ഉപദേശം വ്യക്തമായി മനസിലായിരുന്നു. ഉപദേശം ശരിയായി മനസിലാക്കിയില്ലെങ്കിൽ എങ്ങനെയാണ് ദുരുപദേശക്കാരനെയും പാപത്തിൽ ജീവിക്കുന്നവനേയും തിരിച്ചറിയുന്നത്? ഉപദേശത്തെ സംബന്ധിച്ച് തീർച്ചയായും നിശ്ചയം ഉണ്ടെങ്കിൽ മാത്രമെ ഇതു സാദ്ധ്യമാകു.

നമ്മൾ ശരിയാണോ എന്നറിയാത്തതിനാൽ വിശ്വാസവും ഉപദേശവും എങ്ങനെ തീർച്ചപ്പെടുത്താം എന്നു ഒരാൾ ചോദിക്കയുണ്ടായി. നമ്മൾ മാത്രം ശരി. മറ്റുള്ളവർ എല്ലാവരും തെറ്റ് എന്നു പറയുന്നതു ശരിയല്ലല്ലൊ എന്ന ഒരു താക്കീതും അതോടൊപ്പം പുറപ്പെടുവിക്കുന്നു. അതുകൊണ്ടു അവർ എല്ലാ വിഭാഗങ്ങളുമായും ആത്മീയ കൂട്ടായ്മ ആചരിക്കുന്നു. മുൻപ് നാം വായിച്ച വേദഭാഗം ശ്രദ്ധിച്ചു വായിച്ചാൽ സാധാരണക്കാരനു തിരിച്ചറിയാം. സത്യമെന്നതും അസത്യമെന്നതും വേർതിരിച്ചറിയാം. സത്യമായ ഉപദേശം ബൈബിളിൽ പഠിപ്പിച്ചിരിക്കുന്നതാണ്. ദുരുപദേശം ബൈബിളിൽ പഠിപ്പിക്കാത്തതാണ്. അതിൽ നിന്നും ഭിന്നതയുണ്ടാക്കുന്നവർ ആരാണെന്നും ഐക്യത ഉണ്ടാക്കുന്നവർ ആരാണെന്നും വേർതിരിച്ചറിയാം. ആരെ ഒഴിവാക്കണം ആരെ ചേർക്കണം എന്നും നമുക്കറിയാം. അങ്ങനെ ദുരുപദേഷ്ടാക്കളെയും ഭിന്നിപ്പ് ഉണ്ടാക്കുന്നവരെയും ഒഴിവാക്കയും ചെയ്യാം. നമുക്കു വിശ്വാസത്തെ സംബന്ധിച്ചു തീർച്ചയില്ലെങ്കിൽ നാം വിശ്വാസത്തിൽ തന്നെയോ എന്ന് പരിശോധിക്കുന്നതെങ്ങനെ? (2 കൊരിന്ത്യർ 13:5)

നമ്മെ പഠിപ്പിച്ച കാര്യങ്ങൾ നിശ്ചയവും തീർച്ചയും ഉള്ള കാര്യങ്ങളാണ് എന്നു ലൂക്കൊസ് വിവരിച്ചിട്ടുണ്ട് (ലൂക്കൊസ് 1:3-4). മൂപ്പന്മാർ തങ്ങളുടെ ഇടവകയിൽപെട്ട ആളുകളെ ദുരുപദേശങ്ങളിൽ നിന്നു കാത്തുകൊള്ളാൻ പറഞ്ഞിട്ടുണ്ട്. സദുപദേശവും ദുരുപദേശവും വേർതി

രിച്ചറിയാൻ പറ്റുന്നില്ലെങ്കിൽ അവർക്കെങ്ങനെ ഇതിനു കഴിയും? (പ്രവൃത്തി 20:17; 20-28). നമുക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയുന്നു എന്നു യോഹന്നാൻ എഴുതിയതു അവർക്കു തീർച്ചയുണ്ടായിരുന്നതുകൊണ്ടാണ് (1 യോഹന്നാൻ 5:13). ഉപദേശം അറിഞ്ഞുകൂടാതെ, സഭയിൽ ഭിന്നതയുണ്ടാക്കുന്നവരെ ഒന്നു രണ്ടുവട്ടം ബുദ്ധിയുപദേശിച്ച ശേഷം എങ്ങനെ ഒഴിവാക്കാൻ കഴിയും? (തിത്തൊസ് 3:10 -11). നമുക്കു ആരെയും വിധിക്കാൻ അധികാരമില്ല എന്നാണ് ചിലരുടെ വാദം. പക്ഷെ വചനത്തിന്റെ വെളിച്ചത്തിൽ നമുക്കു ഉറപ്പിച്ചു പറയാൻ കഴിയും. പരമാധികാരം ദൈവ വചനത്തിനാണെന്നു ഓർമ്മിക്കുക. ഇതു തികച്ചും പ്രായോഗികവും ദൈവത്തിനു സ്വീകാര്യവുമത്രെ.

✶

# പാപം പാപം തന്നെ!

## എം. ഫ്ളേയിഡ് ബെയ്ലി

പാപത്തെ മനുഷ്യർ പല രീതിയിൽ ന്യായീകരിക്കയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിസാര പാപമെന്നും സാരമായ പാപമെന്നും പറയാറുണ്ട്. ചെറുതും വലുതുമായി പാപത്തെ തരം തിരിക്കുന്നതു ന്യായീകരണത്തിനു വേണ്ടിയാണ്. ഒരു പത്തു വർഷം മുൻപ് പാപമായി കണക്കാക്കിയിരുന്ന ഒരു കാര്യം ഇന്നു സ്വീകാര്യമായ ഒരു പെരുമാറ്റമായി സമൂഹം അംഗീകരിക്കയാണ്. ലജ്ജാകരമായിരുന്ന കാര്യങ്ങൾ ഒരു കൂസലുമില്ലാതെ ചെയ്യത്തക്കവണ്ണം ഈ മാറ്റം എങ്ങനെ സംഭവിച്ചു. ഇവരെ ഇത്തരം കാര്യങ്ങൾക്കു സ്വാധീനിച്ചതെന്താണ്? സമൂഹം എന്തുകൊണ്ട് ഇന്ന് ഇതെല്ലാം അംഗീകരിക്കുന്നു. നാം കുടുംബമായി ജീവിക്കുന്നവരാണ്. അപ്പനും അമ്മയും മക്കളും ഒത്തൊരുമിച്ചു കഴിയുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. ഭൗതികമായ ചില ഘടകങ്ങൾ മനുഷ്യരുടെ സ്വഭാവത്തെയും ജീവിത ശൈലിയെയും ബാധിക്കുന്നതാണ് എന്നു തെളിയുന്നു.

മനുഷ്യരുടെ ഹൃദയത്തിലും മനസാക്ഷിയിലും ഈ മാറ്റം വരുവാൻ കാരണം എന്ത്? നാം തെറ്റുകളെ തരം തിരിക്കാതെ പാപം എന്നു വിളിക്കുകയാണെങ്കിൽ ഓരോന്നിന്റേയും പ്രഭാവത്തിനു മാറ്റം വരുകയില്ല. അതു വയറിനെ ഇളക്കിമറിക്കും. പക്ഷെ സമൂഹം ഓരോന്നിന്റെയും പേരിനു മാറ്റം വരുത്തിയിരിക്കുന്നു. മദ്യപാനം ഒരു രോഗമായി ചിത്രീകരിച്ചിരിക്കയാണ്. അതുകൊണ്ട് അതിനെ ചികിത്സിക്കുന്നു. ലജ്ജാശീലത്തെ, ലജ്ജാഭിനയം എന്നാക്കിയിരിക്കയാണ്. ഒരിക്കൽ ലൈംഗിക

വൈകൃതം എന്ന പേരിൽ അറിയപ്പെട്ടിരുന്നതു ഇന്നു പറയുന്നതു ഒന്നിടവിട്ട ജീവിത ശൈലി എന്നാണ്. അമ്മയുടെ ഉദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു ശിശുവിനെ ഒരു മാംസപിണ്ഡം എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള നാമമാറ്റം കൊണ്ടു അവർക്കു തെറ്റിനെ തെറ്റല്ലാതാക്കാൻ പറ്റുമോ? ഒരിക്കലും ഇല്ല. പാപം എപ്പോഴും പാപം തന്നെയാണ്. ഒരു റോസാ പുഷ്പത്തിന്റെ പേർ എങ്ങനെയെല്ലാം മാറ്റിയാലും അതിന്റെ വാസന പഴയതു തന്നെയായിരിക്കും.

പാപം എന്നതു ഏതെല്ലാം വിധത്തിൽ അതിനെ മാറ്റി മറിക്കാൻ ശ്രമിച്ചാലും പാപം എന്നും പാപം തന്നെയാണ്. അതിന്റെ കാഠിന്യം കുറയ്ക്കാൻ എത്ര ശ്രമിച്ചാലും കുറയുകയില്ല. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്യുന്നവൻ അധർമ്മം ചെയ്യുന്നു (റോമർ 6:23; യാക്കോബ് 1:12-15; സങ്കീർത്തനം 51:1-2). പാപം ഒരാളുടെ വ്യക്തിത്വത്തെ ഭൗതികമായും ആത്മികമായും ബാധിക്കും എന്നതു കൊണ്ടു നാം അതിനെ ഗൗരവത്തോടെ കാണണം. തന്നെയുമല്ല അതിന്റെ ദൂഷ്യമായ ഫലത്തെ ആളുകൾക്കു ബോധ്യപ്പെടുത്തി കൊടുക്കണം. നിരവധി ഫലങ്ങൾ ഉണ്ട്. അവയിൽ നിന്നു ചുരുക്കമായി മൂന്നെണ്ണം നമുക്കു തിരഞ്ഞെടുക്കാം.

1 **പാപം വിയോജിക്കുന്നു.** പാപം നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നു. നമുക്ക് ഉള്ളതെല്ലാം നഷ്ടപ്പെടുത്തുകയാണ് പാപത്തിന്റെ ഉദ്ദേശഫലം. ശാരീരികശേഷി, മാനസികമായ ഉന്മേഷം, ആത്മികമായ താല്പര്യം എന്നിവയെല്ലാം ഇല്ലാതാക്കാൻ കഴിയുന്നതാണ് പാപം. ഇനി മറ്റെന്തെല്ലാം ഈ ലോകത്തു നേടാൻ കഴിഞ്ഞാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ ആ വ്യക്തിക്കു എന്തു പ്രയോജനമാണ് കിട്ടുന്നത് എന്നു യേശു ചോദിക്കുകയുണ്ടായി (മർക്കോസ് 8:36). ജീവനെ നഷ്ടപ്പെടുത്താൻ കഴിവുള്ളതാണ് പാപം. പാപം ആത്മീയമായ ഒരു രോഗമാണ്. കാരണം അത് ആത്മാവിനെ ഇല്ലാതാക്കുന്നു. നന്മയെ നമ്മിൽ നിന്നു നീക്കം ചെയ്യുന്നതാണ് പാപം. ഏറ്റവും വലിയ വൈദ്യൻ ഈ ലോകത്തിൽ വന്നതു നമ്മുടെ സൗഖ്യത്തിനും നഷ്ടപ്പെടുന്ന ജീവൻ തിരിച്ചു നല്കുന്നതിനുമാണ് (ലൂക്കൊസ് 12:13-21). നമ്മിൽ പാപം കടത്തി വിട്ടു നശിപ്പിക്കുവാൻ പ്രവർത്തിക്കുന്നതു വഞ്ചകനായ സാത്താനാണ് (1 കൊരിന്ത്യർ 10:10). എല്ലാ നന്മയും നമ്മിൽ നിന്നു വേർപിരിച്ച് ഒന്നിനും കൊള്ളരുതാത്ത നിലയിലേക്കു നമ്മെ വിയോജിപ്പിച്ച് നിർത്തുവാൻ തന്ത്രം മെനഞ്ഞിരിക്കുന്നതു പിശാചാണെന്നു തിരിച്ചറിയുക.

2 **പാപം വശീകരിപ്പിക്കുന്നു.** അടിമത്വത്തിലേക്കു ആകർഷിപ്പിക്കുന്ന ഒന്നാണ് നിയമലംഘനം. പാപം ചെയ്യുന്നവൻ ഒക്കെയും പാപത്തിന്റെ ദാസൻ ആകുന്നു എന്നത്രെ യേശുക്രിസ്തു പറഞ്ഞത് (യോഹന്നാൻ

8:34) അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസൻമാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ എന്നാണ് (റോമർ 6:16). പാപം ഒരിക്കൽ ഒരാളിൽ കടന്നു അവനെ നശിപ്പിക്കാൻ തുടങ്ങിയാൽ അവൻ അതിനു അടിമപ്പെടുകയാണ് ചെയ്യുന്നതു. ചെയ്ത തെറ്റിനെ മൂടി വെക്കാനായി വേറെ പറയരുതാത്തതും ചെയ്യരുതാത്തതും ചെയ്തുകൊണ്ടു പാപത്തെ വളർത്തിയെടുക്കും. അങ്ങനെയാണ് ഏതൊരാളും പാപത്തിനു കീഴ്പ്പെടുന്നത്.

കൂടാതെ നമ്മുടെ തെറ്റുകൾക്ക് മറ്റുള്ളവരിൽ കുറ്റം ചാരുന്നു. അതും നമ്മുടെ ന്യൂനതകളെ മറെക്കുന്നതിനും ന്യായീകരിക്കുന്നതിനുമാണ്. അപ്പോഴും നാം അറിയാതെ പാപം വർദ്ധിപ്പിക്കുകയാണ്. ഒരു വിധത്തിൽ അറിഞ്ഞുകൊണ്ടു തന്നെയാണ് നാം വീണ്ടും വീണ്ടും അങ്ങനെ ചെയ്യുന്നത്. അവനാണ് അതിനു കാരണം, അവളാണ് അതിനുത്തരവാദി എന്നെല്ലാം ആളുകൾ പറയാറില്ലേ? മറ്റുള്ളവരുടെ മുൻപിൽ നാം നല്ലവരായി അറിയപ്പെടണം എന്ന ആഗ്രഹമാണ് ഇതിനെ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. മറ്റുള്ളവരെ, അവർ ഒരു പക്ഷെ നിരപരാധികളായിരിക്കും. നാം നിരപരാധികളെ നമ്മുടെ കുറ്റം ചുമത്തി രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഒരു പാപമാണ് എന്ന ചിന്ത മറന്നു പോകുകയാണോ? എങ്ങനെയായാലും പാപം നമ്മെ മോഹിപ്പിച്ച് കീഴ്പ്പെടുത്തി അടിമയാക്കി മാറ്റുന്നു എന്നതാണ് വാസ്തവം.

3 **പാപം വേർപിരിക്കുന്നു.** നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളേയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു (യെശയ്യാവ് 59:2). ദൈവത്തെ പിരിഞ്ഞു നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു മനുഷ്യർ. അതുകൊണ്ടാണ് യേശു ഈ ഭൂമിയിൽ വരേണ്ടി വന്നതു. പാപം അല്ലെങ്കിൽ അധർമ്മമാണ് അതിനു കാരണം. പാപം മനുഷ്യനെ അശുദ്ധമാക്കുന്നു. വിശുദ്ധനായ ദൈവത്തെ അഭിമുഖീകരിക്കാൻ പറ്റാതെ അങ്ങനെ അകന്നു. ഇതാണ് പരമാർത്ഥത്തിൽ സംഭവിച്ചത്. രണ്ടു പേരെ ഭിന്നിപ്പിക്കുന്നത് പാപം. കാണാതെ പോയ ആടും നഷ്ടപ്പെട്ട ദ്രഹ്മയും നമ്മെ പഠിപ്പിക്കുന്ന പാഠം അതാണ്. അതായത് ദൈവത്തെയും മനുഷ്യരേയും തമ്മിൽ ഭിന്നിപ്പിക്കുന്നതു പാപമാണ്. അതു ഗൗരവമായി ചിന്തിക്കേണ്ട പലരും അതിനെ കാര്യമായി എടുക്കുന്നില്ല.

✶

# ബർശബായും ഒരു വലിയ മനുഷ്യനായിരുന്നു

## നീൽ പൊളാർഡ്

മികവുള്ള ഒരു മഹത് വ്യക്തിയായിരുന്നു അവൻ എന്നു തിരുവെഴുത്തു പറയുന്നുണ്ട്. അവന്റെ ആത്മീക സ്വഭാവ വൈശിഷ്ട്യമായിരുന്നു അവനെ അതിനായി തിരഞ്ഞെടുക്കാൻ കാരണം (പ്രവൃത്തി 1:21). എങ്ങനെയായാലും വളരെ കുറച്ചു മാത്രം പറഞ്ഞിട്ടുള്ള ബർശബായെ സംബന്ധിച്ച് നാം ഒന്നു കണ്ണോടിച്ചാൽ അവനും നല്ല ശക്തമായ ആത്മീയ ജീവിതത്തിനുടമയായിരുന്നു എന്നു കാണാം.

**അവൻ ക്രിസ്തുവിൽ വിശ്വസ്തനായിരുന്നു**
(പ്രവൃത്തി 1:22)

ക്രിസ്തുവിൽ വിശ്വസ്തമായിരിക്കേണ്ടതിന്റെ ഉദ്ദേശത്തെയും കാലയളവിനെയും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വെളിപ്പാട് 2:10). ക്രിസ്തുവിന് കീഴ്പ്പെട്ടുകൊണ്ടു സത്യവഴിയിൽ സഞ്ചരിക്കുന്നവനാണല്ലോ യഥാർത്ഥ ശിഷ്യൻ. ക്രിസ്തുവിനു വേണ്ടി മരിക്കാൻ പോലും തയ്യാറായ വിശ്വാസമായിരുന്നു ഒന്നാം നൂറ്റാണ്ടിലെ കർത്താവിന്റെ ശിഷ്യന്മാരുടേത്. വിശ്വസ്തത എന്ന വാക്കിന്റെ അർത്ഥം തന്നെ വിധേയത്വത്തോടുകൂടിയ ആശ്രയമാണ്. ബർശബായിൽ ഇവയെല്ലാം വിശദമാക്കാം. യോഹന്നാൻ സ്നാപകന്റെ നാൾ മുതൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം വരെ ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടവനായിരുന്നു ബർശബാ. യേശുക്രിസ്തുവിന്റെ കഠിനമായ ഉപദേശ സമയത്തുപോലും അവൻ പിടിച്ചു നിന്നു (യോഹന്നാൻ 6:66 -69). കാൽവരിയിൽ പരാജയപ്പെട്ടു എന്നു തോന്നിയേക്കാമായിരുന്നിട്ടും അവൻ പിൻവാങ്ങി പോയില്ല (പ്രവൃത്തി 1:22). ദൈവത്തിന്റെ കണ്ണുകളിൽ വിശ്വസ്തതക്കു വലിയൊരു സ്ഥാനമുണ്ട്.

**ആത്മീയ നായകൻ ആയി അവൻ തിരിച്ചറിയപ്പെട്ടിരുന്നു.**
(പ്രവൃത്തി 1:22)

ഈ വിഷയത്തിൽ ലേഖകൻ വ്യക്തമാക്കുന്നതു അർത്ഥവത്താകുന്നു. ആത്മീയമായ ശ്രേഷ്ഠത സൂക്ഷിക്കുന്ന ഒരു ശിഷ്യനാകകൊണ്ടത്രെ കൂട്ടത്തിൽ നിന്നു അവന്റെ പേരും നിയമിക്കപ്പെടുവാൻ തിരഞ്ഞെടുത്തത്. നേതൃസ്ഥാനത്തേക്കു വരുവാൻ സമ്മതനായിരുന്നു എന്നർത്ഥം. തീഷ്ണതയും അതേസമയം വിനയവും അനുസരണവും ഉള്ള ശിഷ്യ

നായിരുന്നു അവൻ (1 പത്രൊസ് 2:5-9). ക്രിസ്തു സൂചിപ്പിച്ചതുപോലെ ലോകത്തിനു വെളിച്ചവും ഉപ്പുമായിരുന്നു. ഇവ രണ്ടും എത്ര ഉപകാര പ്രദമാണെന്നു നമുക്കറിയാമല്ലൊ (മത്തായി 5:14) വാഞ്ഛ ഉള്ളവനായിരുന്നു (പ്രവൃത്തി 1:22-23).

കടമ ചെയ്യുന്നതിൽ നിന്നു ഒരിക്കലും പിൻ വലിയുന്നവനായിരുന്നില്ല ബർശബാ എന്നു സന്ദർഭം വിവരിക്കുന്നു. അപ്പൊസ്തലനെ തിരഞ്ഞെടുക്കുവാൻ ചീട്ടിടുമ്പോൾ തന്റെ പേർ ഇടാതിരിക്കാൻ യാതൊരു ഒഴിവുകഴിവും അവൻ പറഞ്ഞില്ല. യോഗ്യതയുള്ളവരും സേവന സന്നദ്ധരും ആയ ആളുകൾ വളരെ വിരളമാണ്. ഇതാ ഞാൻ, എന്നെ അയക്കേണമേ എന്നു പറഞ്ഞതു നോക്കുക ( യെശയ്യാവ് 6:8). സ്വമനസാലെ അപ്പൊസ്തലന്റെ ജോലി ചെയ്യുവാൻ ഒരുക്കമുള്ളവനായിരുന്നു ബർശബാ (പ്രവൃത്തി 1:25)

✶

# എവിടെ ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ വളരുന്നു?

### ഗ്ലെൻ കോളെ

എന്റെ ഓർമ്മയിൽ നില്ക്കുന്നതും ബാല്യം മുതൽ കേട്ടു വരുന്നതും ഉപദേശിച്ചു വരുന്നതുമായ പല കാര്യങ്ങൾ ഉണ്ട്. അവയിൽ സഭയുടെ പ്രവർത്തികളെ മൂന്നായി തരം തിരിച്ച് പഠിപ്പിച്ച് വരാറുണ്ട്. അവ സുവിശേഷ പ്രഘോഷണം, ധർമ്മം കൊടുക്കൽ അഥവാ സഹായം ചെയ്യൽ, പ്രബോധനം അഥവാ ആത്മിക വർദ്ധനവ് എന്നിവയാണ്. ഇന്നും അതിന് വിലയുണ്ടെന്ന് പറയാതെ വയ്യ. സുവിശേഷ പ്രഘോഷണം എന്നതുകൊണ്ടു അർത്ഥമാക്കുന്നതു: നഷ്ടപ്പെട്ട ആത്മാക്കളെ കുറിച്ച് എരിവോടെ ആളുകളോടു സുവിശേഷം അഥവാ രക്ഷാമാർഗ്ഗം അറിയിക്കുക എന്നതാണ്. ആവശ്യമുള്ളവരെ തക്കസമയത്തു സഹായിക്കുന്നതാണ് ധർമ്മ പ്രവൃത്തി കൊണ്ടുദ്ദേശിക്കുന്നത്. ഹൃദയത്തിൽ അലിവു തോന്നി ചെയ്യുന്ന പ്രവൃത്തിയാണത്. ഇവയെല്ലാം നമുക്കു സുപരിചിതമായിരിക്കാം. എന്നാൽ എന്താണീ ആത്മിക വർദ്ധനവ്? വാസ്തവത്തിൽ അതു ഗ്രഹിക്കാത്തവരും ചെയ്യാത്തവരും ലഭിക്കാത്തവരും നിരവധിയുണ്ട് സമൂഹത്തിൽ.

ആത്മിക വർദ്ധനവ് എന്ന വാക്ക് നമുക്കു കിട്ടിയിരിക്കുന്നത് "ഓക്കോ ഡോമിയോ" എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. അതിന്റെ

അർത്ഥം പണിയുക എന്നാണ്. നിർമ്മാണം പലതുണ്ട്. എന്നാൽ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം മനസിലാക്കാൻ യേശുക്രിസ്തുവിന്റെ ഉപദേശം നമ്മെ സഹായിക്കും. യേശുക്രിസ്തുവിന്റെ വാക്കുകൾ കേൾക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ ഇന്നവനോടു സദൃശ്യൻ എന്നു പറയുകയുണ്ടായി. അവൻ ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാണ്. കാരണം അവൻ ആഴെ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ടു വീടു പണിയുന്നു, അവിടെ പണിയുന്നു എന്ന വാക്കിനു ഉപയോഗിച്ച ഗ്രീക്കു വാക്കാണ് പ്രബോധനം എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നത്. ഭൗതിക വിദ്യഭ്യാസത്തിൽ വ്യക്തിത്വ വികസനത്തിനായി ക്ലാസുകൾ നടത്താറുണ്ട്. എന്നാൽ ഒരാളെ ആത്മീയമായി പണിയേണ്ടിയിരിക്കുന്നു. ഉപയോഗപ്രദമായ നിലനില്പിനാണ് ഏതു നിർമ്മാണവും നടത്തുന്നതു. പ്രബോധനം ആ ഉദ്ദേശത്തോടെയാണ് കാണേണ്ടത്.

ഒരു ധനവാനായ മനുഷ്യന്റെ ഉപമ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നുണ്ട്. അവന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ ചില തീരുമാനങ്ങൾ എടുക്കുന്നുണ്ട്. അവന്റെ പഴയ കളപ്പുര പൊളിച്ചു വിസ്താരമേറിയതു പണിതു ധാന്യങ്ങൾ ഏറിയ ആണ്ടത്തേക്കു ശേഖരിച്ചുവെക്കും എന്നായിരുന്നു അവന്റെ ഉള്ളിൽ ഉണ്ടായിരുന്നതു. അവിടെ പണിയും എന്ന വാക്കിനു ഉപയോഗിച്ചതായ ഗ്രീക്കു വാക്കും മറ്റൊന്നായിരുന്നില്ല. പ്രബോധനം അപ്പോൾ ഒരു പണിയാണെന്നു പറയാം. കെട്ടിടങ്ങൾ മാത്രമല്ല പണിയുന്നതു ക്രിസ്ത്യാനികളെയും പണിയേണ്ടതാവശ്യമാണ്. സ്ത്രീയായാലും പുരുഷനായാലും ഇതു ഒഴിച്ചു കൂടാനാവാത്തതാണ് (ലൂക്കൊസ് 12:18)

അപ്പൊസ്തലനായിരുന്ന പൗലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഈ ഉദ്ദേശത്തെ വ്യക്തമാക്കുന്നുണ്ട്.

✶

# കുരിശ്

## Evg. ബാബു ജോസഫ്

റോമാ സാമ്രാജ്യത്തിൽ മരണശിക്ഷയ്ക്ക് വിധിക്കുന്ന കുറ്റവാളിയെ കൊല്ലുവാൻ ഉള്ള ഉപകരണമാണ് കുരിശ്. (ഇൻഡ്യയിൽ തൂക്കികൊല്ലുന്നതിനു കയർ ഉപയോഗിച്ചതു പോലെ) യേശുവിനെ കുരിശിൽ തറച്ചു എന്നുള്ളത് സത്യം തന്നെ. എന്നാൽ യേശുവിനു പ്രത്യേകമായി ഒരു കുരിശ് ഉണ്ടാക്കിയിട്ടുണ്ടോ?

ക്രിസ്തീയ സഭാ വിഭാഗങ്ങളിൽ ചിലർ പ്രാർത്ഥിക്കുമ്പോഴും മറ്റും കുരിശ് വരയ്ക്കുന്നത് കാണുമ്പോൾ കുരിശിനെ ഒരു 'ആരാധ്യ വസ്തു വാക്കിയിരിക്കുന്നു എന്നു കാണാം. കുരിശു വരയ്ക്കുക, അതിന്റെ മുമ്പിൽ കുമ്പിടുക, കഴുത്തിൽ തൂക്കിയിടുക, കവലകൾതോറും സ്ഥാപിക്കുക, ചുമന്നുകൊണ്ട് നടന്നു പ്രദക്ഷിണം ചെയ്യുക, തിരി കത്തിക്കുക മുത്തുക, വസ്ത്രം ധരിപ്പിക്കുക പുരോഹിതന്മാർ കുരുശ് തൊടുവിച്ച് അനുഗ്രഹിക്കുക എന്നിവയെല്ലാം കുരിശിനെ ആരാധിക്കുന്നു അഥവാ ആരാധ്യ വസ്തുവാക്കി എന്നതിന്റെ തെളിവുകളാണ്.

ഇന്നു കാണുന്ന കുരിശ് ആരുടേതാണ്? യേശുവിന്റേയോ അതോ തന്നോടുകൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരുടേയോ? ഏതൊരു പ്രതിമയും, രൂപവും വിഗ്രഹമാണ്. വിഗ്രഹാരാധന പാപമാണ്. കുരിശിനു പ്രാധാന്യം കൈവന്നത് യേശുവിന്റെ ക്രൂശുമരണത്തോടെയാണെന്നുള്ളത് വാസ്തവം തന്നെ. അതുകൊണ്ട് ക്രൈസ്തവരുടെ ഒരു ചിഹ്നമായോ, അടയാളമായോ കുരിശിനെ കാണുന്നതിൽ തെറ്റില്ല. എന്നാൽ കുരിശ് ഒരിക്കലും ആരാധ്യ വസ്തുവല്ല. ബൈബിൾ സെമിനാരികളിൽ അങ്ങനെ പഠിപ്പിക്കുന്നു എങ്കിൽ അവർ വചനത്തിൽ മായം ചേർത്ത് കുരിശിനെ ഒരു വിൽപന ചരക്കാക്കുകയാണ്. കുരിശ് വരയ്ക്കുന്നതുകൊണ്ടോ; എണ്ണ പുരട്ടിയതുകൊണ്ടോ ഒരു പാപിക്കു പാപബോധമോ, പാപമോചനമോ ലഭിക്കയില്ല.

## ബൈബിൾ പറയുന്നു

"അത് ഒരുവൻ കാട്ടിൽ നിന്നു വെട്ടികൊണ്ടുവന്ന മരവും ആശാരി വാച്ചികൊണ്ടു ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നും അലങ്കരിക്കുന്നു. അത് ഇളകാതെ ഇരിയ്ക്കേണ്ടതിനു അവർ അതിനെ ആണിയും ചുറ്റികയും കൊണ്ട് ഉറപ്പിക്കുന്നു. അവ വെള്ളരിത്തോട്ടത്തിലെ തൂണുപോലെയാകുന്നു. അവയെ ചുമന്നു കൊണ്ടു പോകണം."

"കണ്ടില്ലേ അവർ ചുള്ളി മൂക്കിനു തൊടുവിക്കുന്നത്...... ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും" (യിരെ 10:3-5, യെഹ 8:17,18)

കളിമൺ പ്രതിമകളിൽ ദൈവ ശക്തിയില്ല. കൽകൂമ്പാരങ്ങളിൽ തീർക്കുന്ന രൂപങ്ങൾ ക്രിസ്തുവിന്റേതുമല്ല. കടലാസ്സ് വിളക്കിൽ ക്രിസ്തു മരിക്കുന്നതുമില്ല. യേശു ജനിക്കേണ്ടതും ക്രൂശുമരണം അനുഭവമാക്കേണ്ടതും മനുഷ്യന്റെ ഹൃദയങ്ങളിലാണ്. യേശുവിന്റെ കുരിശിലല്ല; ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിക്കുക. അവനെ അനുസരിക്കുക.

**Watch!**

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കേൾക്കുക!